# യു.പി.എസ്. ഇലിപ്പക്കുളം

# അക്കാദമിക മാസ്റ്റർ പ്ലാൻ
# 2025-26

# ആമുഖം

കേരളം പൊതുവിദ്യാഭ്യാസ രംഗത്തു അസൂയവഹമായ നേട്ടങ്ങൾ കൈവരിച്ച് ഇന്ത്യയിലെ ഇതരസംസ്ഥാനങ്ങൾക്ക് മാതൃകയായി മാറിക്കൊണ്ടിരിക്കുന്നു. എല്ലാവർക്കും വിദ്യാഭ്യാസം എന്നസാമൂഹ്യ പരിഷ്കർത്താക്കളുടെ പോരാട്ടത്തിനും സ്വപ്നത്തിനും കരുത്തുപകർന്നുകൊണ്ട് 1957ലെ വിദ്യാഭ്യാസ നിയമവും തുടർന്നു വന്ന ഗവൺമെന്റുകളും കേരളത്തിലെ പൊതുവിദ്യാഭ്യാസ മേഖലയുടെ ഉയർച്ചക്ക് വഴി തെളിച്ചു. വിദ്യാഭ്യാസ മേഖലക്ക് കൂടുതൽ കരുത്തുപകരുക എന്ന ലക്ഷ്യത്തോടെ നവ കേരള മിഷ്യന്റെ ഭാഗമായി സർക്കാർ പ്രഖ്യാപിച്ച പൊതുവിദ്യാഭ്യാസ സംരക്ഷണ യജ്ഞം ജനപങ്കാളിത്തത്തോടെ നടപ്പിലാക്കിക്കൊണ്ടിരിക്കുന്നു. ആയജ്ഞത്തിൽ ഇലിപ്പക്കുളം യു.പി.എസും അണിചേർന്നു കഴിഞ്ഞിരിക്കുന്നു.

കേരളത്തിലെ വിദ്യാലയങ്ങളുടെ സ്ഥാപനവും വളർച്ചയും എക്കാലത്തും ജനപങ്കാളിത്തത്തോടെ തന്നെ ആയിരുന്നു. ഗവൺമെന്റിനോടൊപ്പം തന്നെ ക്രിസ്ത്യൻ മിഷനറിമാരും ഇതരസമുദായങ്ങളും വ്യക്തികളും വിദ്യാഭ്യാസമേഖലയുടെ സർവ്വതോന്മുഖമായ വളർച്ചയ്ക്ക് 1800കളോടുകൂടിതന്നെ ശ്രമമാരംഭിച്ചിരുന്നു. അതിന്റെ പരിണിത ഫലമാണ് ഗവൺമെന്റ് വിദ്യാലയങ്ങളോടൊപ്പം എയ്ഡഡ് വിദ്യാലയങ്ങളുടെയും വ്യാപനവും, വളർച്ചയും.ഇന്ത്യയിലെ ഇതര സംസ്ഥാനങ്ങളുമായി തുലനംചെയ്യുമ്പോൾ കേരളീയ ഗ്രാമങ്ങൾ ആരോഗ്യമേഖലയിലും സാക്ഷരതയിലും മുന്നിട്ടുനിൽക്കുന്നതിന്റെ പ്രധാനകാരണം ഗവൺമെന്റ് എയ്ഡഡ് മേഖലയിലെ വിദ്യാലയങ്ങളുടെ വ്യാപനമാണ്. ജനകീയ പങ്കാളിത്തം വിദ്യാഭ്യാസ മേഖലയെ സമൂലമായ പരിഷ്കരണത്തിന് വിധേയമാക്കി എന്നുതന്നെ പറയാം ഇങ്ങനെയാണെങ്കിലും പൊതുവിദ്യാഭ്യാസമേഖല തകർച്ചയെ അഭിമുഖീകരിക്കുന്ന കാഴ്ച കഴിഞ്ഞ ഏതാനും വർഷങ്ങളായി കണ്ടുവരുന്നു.

വിദ്യാഭ്യാസത്തെ കച്ചവടമാക്കി ലാഭം മാത്രം കൊതിക്കുകയും സാമൂഹ്യ പുരോഗതിയെ വിസ്മരിക്കുകയും ചെയ്യുന്ന ഒരുകൂട്ടർ വിദ്യാഭ്യാസമേഖലയിലേക്ക് കടന്നുവരുകയും പണം കൊടുത്തു അൺ എയിഡഡ് സ്ക്കൂളിൽ നിന്നും നേടുന്ന വിദ്യാഭ്യാസവും അത്തരം സ്ക്കൂളുകളുടെയും വിദ്യാർത്ഥികളുടെയും വേഷവിധാനവുമാണ് മികച്ചതെന്നുള്ള സമൂഹത്തിന്റെ കാഴ്ച്ചപ്പാടുമൂലം കഴിഞ്ഞ കുറെ വർഷങ്ങളായി പൊതുവിദ്യാഭ്യാസമേഖല തകർച്ചയെ അഭിമുഖീകരിക്കുന്നു. ഇങ്ങനെയുള്ള അൺഎയ്ഡഡ് വിദ്യാലയങ്ങൾ വർദ്ധിക്കുമ്പോൾ അവിടെനിന്നും പഠിച്ചിറങ്ങുന്ന വിദ്യാർത്ഥികളിൽ സാമൂഹിക സാംസ്ക്കാരിക മൂല്യങ്ങൾ നഷ്ടമാകുകയും ലക്ഷ്യം നഷ്ടപ്പെട്ട അരക്ഷിതമായ ഒരു സമൂഹത്തെ നമ്മുക്ക് ഭാവിയിൽ കാണേണ്ടിവരും. ഇതിനുബദൽ ആയിരുന്നു എന്നും പൊതുവിദ്യാലയങ്ങൾ.

പൊതുവിദ്യാഭ്യാസത്തിലും പൊതുവിദ്യാഭ്യാസ സ്ഥാപനങ്ങളിലും നിലനിൽക്കുന്ന ചെറുതെങ്കിലുമുള്ള ന്യൂനതകൾപരിഹരിച്ച് സാമൂഹിക മുന്നേറ്റത്തിന് തയ്യാറിയിക്കൊണ്ടിരുന്ന കാലഘട്ടത്തിലാണ് പൊതുവിദ്യാഭ്യാസ സംരക്ഷണയജ്ഞം എന്ന കാഴ്ചപ്പാട് രൂപം കൊണ്ടതും നടപ്പാക്കുന്നതും. ഇതിലൂടെ സ്ക്കൂളുകളെ അന്താരാഷ്ട്ര നിലവാരത്തിലേക്ക് (ഭൗതുകമായും അക്കാദമികമായും) ഉയർത്തുന്ന കർമ്മപദ്ധതികളാണ് ഗവൺമെന്റ് ആസൂത്രണം ചെയ്തുനടപ്പാക്കി വരുന്നത്. ജനപങ്കാളിത്തത്തോടുകൂടി മാത്രമേ സമൂലമായ ഇത്തരം ഒരുമാറ്റം ദ്രുതഗതിയിൽ നടപ്പിൽവരുത്താൻ കഴിയുള്ളു.

എല്ലാ കുട്ടികൾക്കും പഠനവികാസത്തിനു തുല്യാവസരങ്ങൾ ഉണ്ടാക്കുന്നതിനൊപ്പം അവരുടെ കഴിവുകൾ കണ്ടെത്തി മികവിന്റെ ഉന്നതിയിലേക്ക് നയിക്കുന്നതിനും മത്സരാധിഷ്ടിതമായ ഒരുലോകത്തിൽ അതിജീവനത്തിന്റെ ആത്മവിശ്വാസം സൃഷ്ടിക്കുവാനും സാധിക്കുന്നത് പൊതുവിദ്യാഭ്യാസകാഴ്ചപ്പാടിന്റെ ശ്രമഫലമായാണ്.

പൊതു വിദ്യാഭ്യാസസംരക്ഷണയജ്ഞം ജനപങ്കാളിത്തത്തോടെ നടപ്പിലാക്കുന്നതിന്റെ ഫലമായി പൊതുവിദ്യാലയങ്ങളിലേക്ക് വിദ്യാർത്ഥികളുടെ ഒരു തിരിച്ചൊഴുക്കുണ്ടായിരുന്നത് ആശാവഹം തന്നെ. സമഗ്രമായ കാഴ്ചപ്പാടിലൂടെയും പ്രവർത്തന പദ്ധതികളിലൂടെയും ഗുണമേന്മയുള്ള വിദ്യാഭ്യാസം കുട്ടികളുടെ അവകാശം എന്ന കാഴ്ചപ്പാടിന് ഗുണമായി. സ്കൂളുകളെ മികവിന്റെ കേന്ദ്രങ്ങളാക്കി മാറ്റേണ്ടതുണ്ട്. ഇതിനുവേണ്ടി സുരക്ഷിതങ്ങളായ കെട്ടിടങ്ങൾ, മികച്ച ലാബുകൾ, ലൈബ്രറികൾ സ്മാർട്ട് ക്ലാസ്റൂമുകൾ മെച്ചപ്പെട്ട ഉച്ചഭക്ഷണം മികച്ച അദ്ധ്യാപകർ വൃത്തിയും വെടിപ്പും ഉള്ള ശുചിമുറികൾ പരിസ്ഥിതി സൗഹൃദമായ സ്കൂൾ അന്തരീക്ഷവും അദ്ധ്യായനവും, കുട്ടികളെയും, അദ്ധ്യാപകരെയും കൃത്യമായി വിലയിരുത്തുന്നതിനുള്ള സംവിധാനങ്ങൾ തുടങ്ങിയവ ഒരുക്കണം.

## സ്കൂളിന്റെ ചരിത്രം:

ഒരു നൂറ്റാണ്ടിലധികമായി വള്ളികുന്നം ഗ്രാമത്തിന്റെ വിദ്യാഭ്യാസ കേന്ദ്രമായി പ്രവർത്തിച്ചുവരുന്ന ഇലിപ്പക്കുളം യു.പി.സ്കൂൾ പ്രവർത്തന പാരമ്പര്യത്തിലൂടെ മുന്നേറിക്കൊണ്ടിരിക്കുന്നു. വിദ്യാഭ്യാസം ഒരുവിഭാഗത്തിന് അന്യമായിക്കൊണ്ടിരുന്ന ഒരുകാലഘട്ടത്തിൽ സമൂഹത്തിലെ എല്ലാവിഭാഗം ജനങ്ങളേയും അറിവന്റെ ലോകത്തേക്ക് കൈപിടിച്ചുയർത്തിയ വിശുദ്ധ വിദ്യാസ്ഥാപനമാണ് നമ്മുടെ വിദ്യാലയ മുത്തശ്ശി. അക്ഷരം പഠിപ്പിക്കുന്ന കുടിപ്പള്ളിക്കൂടം (ആശാൻ പള്ളിക്കൂടം) മാത്രമായിരുന്നു ഒരുകാലത്ത് ഈപ്രദേശത്തെ വിദ്യാകേന്ദ്രം. എന്നാൽ നാട്ടുകാരുടെ വിദ്യാഭ്യാസവും പുരോഗതിയും എന്ന ലക്ഷ്യം സാക്ഷാൽകരിക്കുവാനായി ആശാൻ പള്ളിക്കൂടത്തിൽ നിന്നും അക്ഷരപഠനം പൂർത്തിയാക്കിയ വിദ്യാർത്ഥികൾക്ക് തുടർ വിദ്യാഭ്യാസ സൗകര്യങ്ങൾ ഒരുക്കിക്കൊണ്ട് ഒരു സ്കൂൾ സ്ഥാപിക്കണമെന്നുള്ള ശ്രീ. മാണത്തറ കൃഷ്ണൻ നായരുടെ ലക്ഷ്യമാണ് ഇലിപ്പക്കുളം സ്കൂളിന്റെ തുടക്കം.

കപ്പോലിൽ ശ്രീമതി. ദേവകിയമ്മ, താഴൂരേത്ത് ശ്രീ.കുഞ്ഞുരാമൻ പിള്ള, തട്ടക്കാട്ടു ശ്രീ. വാസുദേവൻ നായർ, പേരൂർ ശ്രീ.വേലുനായർ, പള്ളിലേത്ത് ശ്രീ.പരമുപിള്ള, കളത്തിൽ ശ്രീ.ബാലകൃഷ്ണ പിള്ള, ചിറ്റിലം വീട്ടിൽ ശ്രീ.രാഘവൻ പിള്ള, കൈനിക്കര ശ്രീ.ശ്രീധരപ്പണിക്കർ, പന്തപ്ലാവിൽ ശ്രീ.രാമകൃഷ്ണ പിള്ള, ചിത്തേഴ ശ്രീ.മുൻഷിസാർ, കൊല്ലകയിൽ ശ്രീ.പരമേശ്വരൻ പിള്ള, എന്നിവർ നമ്മുടെ വിദ്യാലയത്തിലെ ആദ്യകാല ഗുരുനാഥന്മാരായിരുന്നു. കേരള നിയമസഭയിലെ ഡപ്യൂട്ടി സ്പീക്കർ ആയിരുന്ന ശ്രീമതി.നബീസത്ത് ബീവി, മുൻ എം.പി. ശ്രീമതി. സി.എസ്.സുജാത, നാടകകൃത്ത് ശ്രീ.എൻ.എസ്.പ്രകാശ്, എഴുത്തുകാരൻ ശ്രീ.ഇലിപ്പക്കുളം രവീന്ദ്രൻ തുടങ്ങി അനേകം പ്രമുഖ വ്യക്തികൾക്ക് അറിവിന്റെ ആദ്യാക്ഷരം പകർന്നു നൽകിയ സരസ്വതീ ക്ഷേത്രമാണ് ഇന്നും നിരവധിയായ വിദ്യാർത്ഥികൾക്ക് വിദ്യ പകർന്നുനൽകുന്നു. പി.റ്റി.എ., എസ്.ആർ.ജി., സ്കൂൾ സംരക്ഷണസമിതി ഇവകൾ സ്കൂളിന്റെ സമഗ്ര പുരോഗതിക്കുവേണ്ടി അക്ഷീണം പ്രയത്നിക്കുന്നു. തൽഫലമായി സ്കൂൾ മികവിന്റെ പാതയിലേക്ക് നീങ്ങി ക്കൊണ്ടിരിക്കുന്നു.

## ലക്ഷ്യങ്ങൾ:

1. പരിസ്ഥിതി സൗഹൃദ ക്യാമ്പസ്
2. ഭാഷാ വിഷയങ്ങളിൽ എഴുത്തിലും വായനയിലും സർഗ്ഗാത്മക രചനകളിലും പ്രാവീണ്യം നേടിയ വിദ്യർത്ഥികൾ
3. ഗണിതപ്രശ്നങ്ങളിലും, ശാസ്ത്രവിഷയങ്ങളിലും, യുക്തിചിന്തയും ആഭിമുഖ്യവും വളർത്തുക.
4. മികച്ച കൗൺസിലിംഗ് സൗകര്യം.

5. ശാസ്ത്രീയ ജലസംരക്ഷണ പ്രവർത്തനങ്ങളും, ശാസ്ത്രീയമായ ജലവിനിയോഗ ശേഷിയും വളർത്തുക.

6. പൈതൃകങ്ങളെ സംരക്ഷിക്കുന്നതിനുള്ള അവബോധം സൃഷ്ടിക്കുക.

7. മാനുഷികമൂല്യങ്ങൾ ആർജ്ജിച്ച വിദ്യാർത്ഥി സമൂഹം.

8. മികവിന്റെ കേന്ദ്രമായ വിദ്യാലയം

9. ജൈവവൈവിധ്യ ഉദ്യാനം

10. മികച്ച ലൈബ്രറി, ലാബ് സൗകര്യങ്ങൾ

11. ഹൈടെക് ക്ലാസ് റൂമുകൾ

12. ലഹരിവിമുക്ത ക്യാമ്പസും, ലഹരിവിമുക്ത ഗ്രാമവും.

13. ശാസ്ത്രീയമായ മാലിന്യ നിർമ്മാർജ്ജന സംവിധാനം

14. പ്ലാസ്റ്റിക് വിമുക്ത ക്യാമ്പസ്.

## നിലവിലെ അവസ്ഥ

### ഭൗതികം:

ഇലിപ്പക്കുളം യു.പി.എസ്. ചൂനാട് മാർക്കറ്റിന് സമീപം ഓച്ചിറ-കറ്റാനം റോഡിന്റെ പാർശ്വത്തായി സ്ഥിതിചെയ്യുന്നു. .................. സ്ഥലത്തായി വ്യാപിച്ചിരിക്കുന്ന സ്കൂളിന് നാല് കെട്ടിടങ്ങൾ ഉണ്ട്. സ്കൂൾ വാഹനമുണ്ട്. കുട്ടികൾക്ക് വിനോദത്തിന് ഏർപ്പെടാനുള്ള ഗ്രൗണ്ടും മറ്റ് സൗകര്യങ്ങളും ലഭ്യമാണ്. വൃത്തിയും, വെടിപ്പും, സൗകര്യങ്ങളും ഉള്ള പാചകപ്പുരയും പെൺകുട്ടികൾക്കും ആൺകുട്ടികൾക്കും പ്രത്യേകം പ്രത്യേകം ടോയ്ലെറ്റ് സൗകര്യങ്ങളും ഉണ്ട്.

## നിലവിലെ ഭൗതിക സൗകര്യങ്ങൾ:

1. കമ്പ്യൂട്ടർ : മൂന്ന്
2. പ്രിന്റർ : ഒന്ന്
3. ഇന്റർനെറ്റ് കണക്ഷൻ : ഉണ്ട്
4. ലാപ് ടോപ്പ് : ഒന്ന്
5. മൈക്ക്സെറ്റ് : രണ്ട്
6. പ്രൊജക്ടർ : ഒന്ന്.
7. ഡസ്ക് : അറുപത്
8. ബെഞ്ച് : അറുപത്
9. മേശ : പതിനഞ്ച്.
10. കസേര : പന്ത്രണ്ട്
11. അലമാര : ഒമ്പത്
12. വാട്ടർ ഫിൽറ്റർ : ഒന്ന്

## സ്ഥല സൗകര്യം:

1. ക്ലാസ് റൂം : പതിനഞ്ച്
2. കമ്പ്യൂട്ടർ റൂം : ഒന്ന്
3. ടീച്ചേഴ്സ് റൂം : ഒന്ന്
4. പാചകപ്പുര : ഒന്ന്
5. സ്റ്റോർ : ഒന്ന്
6. ലൈബ്രറി : ഉണ്ട്

കൗൺസിലിംഗ് ക്ലാസുകൾ, പഠനയാത്ര, രചനോത്സവം, ഒറിഗാമി ശിൽപ്പശാല, ദിനാചരണങ്ങൾ, പ്രവർത്തിപരിചയ പരിശീലനം, പച്ചക്കറിത്തോട്ടം, ജൈവവൈവിധ്യ പാർക്ക്, പി.റ്റി.എ., എം.പി.റ്റി.എ., പൂർവ്വവിദ്യാർത്ഥി സംഘടന എന്നിവ സജീവമാക്കുക.

## എക്കോക്ലബ്ബ്:

സ്കൂളിലെ ജൈവവൈവിധ്യം സംരക്ഷിക്കുന്നതിനൊപ്പം പ്രദേശത്തെ ജൈവ വൈവിധ്യം സംരക്ഷിക്കുകയും പരിസ്ഥിതി അവബോധം സൃഷ്ടിക്കുകയും ചെയ്യുക എന്ന ലക്ഷ്യത്തോടെ കുട്ടികളുടേയും അദ്ധ്യാപകരുടേയും നേതൃത്വത്തിൽ എക്കോ ക്ലബ്ബിന്റെ പ്രവർത്തനം സജീവമായി നടപ്പിലാക്കിവരുന്നു.

## കാർഷിക ക്ലബ്ബ് രൂപീകരണം:

വിഷരഹിത പച്ചക്കറികളുടെ ഉൽപ്പാദനം നടത്തുന്നതിനും കാർഷിക സംസ്കാ രത്തെക്കുറിച്ചും ജൈവവൈവിധ്യത്തെക്കുറിച്ചും കുട്ടികളിൽ അവബോധം സൃഷ്ടിക്കു ന്നതിനും പി.റ്റി.എ.യുടേയും എസ്.ആർ.ജി.യുടേയും നേതൃത്വത്തിൽ കാർഷിക ക്ലബ്ബ് രൂപീകരക്കണം.

## ഇലിപ്പക്കുളം യു.പി.എസ്. - മികവിന്റെ കേന്ദ്രം കാഴ്ചപാട്:

1. പൊതുവിജ്ഞാന ക്ലബ്ബ്
2. ശാസ്ത്രജ്ഞരെ കണ്ടെത്തൽ
3. ഹരിതവിദ്യാലയം - ശുചിത്വവിദ്യാലയം
4. എന്റെ പേന - മഷിപേന
5. ഔഷധ സസ്യത്തോട്ടം.

**1. പൊതു വിജ്ഞാനക്ലബ്ബ്**

ദിന ആചരണ ക്വിസ്സ് യുറെയ്ക്ക ശാസ്ത്ര മാസിക ക്വിസ്സ് പത്ര വാർത്താ ക്വിസ്സ്, എൽ.എസ്സ്.എസ്സ്., യു.എസ്സ്.എസ്സ് പരിശീലനം എന്നിവ ഈ ക്ലബ്ബിന്റെ മേൽ നോട്ട്ത്തിൽ നടത്താൻ തീരുമാനിച്ചു.

**2. ശാസ്ത്രജ്ഞരെ കണ്ടെത്തൽ**

കുട്ടികളിൽ ശാസ്ത്ര വിഷയങ്ങളോട് ആഭിമുഖ്യം ഉണ്ടാക്കുവാനും ശാസ്ത്ര പരീക്ഷണങ്ങൾ അധ്യാപകന്റെ മേൽ നോട്ടത്തിൽ അവതരിപ്പിക്കുവാനും ഗവേഷണ താൽപ്പര്യം വർദ്ധിപ്പിക്കുവാനും ഈ പദ്ധതി ഊന്നൽ നൽകുന്നു.

**3. ഹരിതവിദ്യാലയം - ശുചിത്വവിദ്യാലയം**

വിദ്യാലയവും പരിസരവും ഹരിതാഭമാക്കുന്നതിനും ഗ്രീൻ പ്രോട്ടോകോൾ പാലിച്ച് വിദ്യാലയ പരിസരം പ്ലാസ്റ്റിക് വിമുക്തമാക്കുവാനും വേണ്ടിയുള്ള പരിപാടികളാണ് ഈ പദ്ധതിയിലുള്ളത്. ഇതിനായിട്ട് കുട്ടികളുടെ പിറന്നാൾ ദിനത്തിൽ മിഠായിവേണ്ട പകരം ഒരു ചെടി നൽകുകയോ അതിന് പറ്റിയില്ലെങ്കിൽ അതേ പ്രാധാന്യത്തിൽ സ്കൂൾ ലൈബ്രറിയിലേക്ക് ഒരു പുസ്തകം സമ്മാനമായി നൽകുകയോ ആവാം.

**4. എന്റെ പേന - മഷിപേന**

ഉപയോഗം കഴിഞ്ഞ് ബോൾ പോയിന്റ് പേനകൾ വലിച്ചെറിയാതെ ഇവ ശേഖരിക്കുവാൻ ഒരു പേനാകൂട് ഭരണിക്കാവ് ബ്ലോക്ക് പഞ്ചായത്തിന്റെ സമ്മാനമായി

ഞങ്ങളുടെ സ്കൂളിന് ലഭിച്ചിട്ടുണ്ട്. ഇതിനോടൊപ്പം തന്നെ മഷിപ്പേനയുടെ ഉപയോഗം കുട്ടികളിൽ വ്യാപകമാക്കാൻ ഈ പദ്ധതി ലക്ഷ്യമിടുന്നു.

5. ഔഷധ സസ്യത്തോട്ടം

സ്കൂൾ വളപ്പിൽ ഔഷധ സസ്യങ്ങൾ നട്ടുവളർത്തി അവയിലെ ഔഷധഗുണം കുട്ടികളെ മനസ്സിലാക്കിക്കുന്നതിനും വേണ്ടി എക്കോ ക്ലബ്ബിന്റെ ആഭിമുഖ്യത്തിൽ അദ്ധ്യാപകരുടെ മേൽ നോട്ടത്തിൽ ഈ പദ്ധതി നടപ്പാക്കാൻ ആലോചിക്കുന്നു.

# കുട്ടികളിൽ വികസിക്കേണ്ട പൊതുധാരണകൾ

# 03/06/2025 മുതൽ 13/06/2025 വരെ – സ്കൂളുകളിൽ

# നടത്തേണ്ട പ്രവർത്തനങ്ങൾ

# സ്കൂൾ റിസോഴ്സ് ഗ്രൂപ്പ് മൊഡ്യൂളുകൾ വികസിപ്പിക്കൽ

# മാർഗ്ഗരേഖ

പൊതുവിദ്യാഭ്യാസവകുപ്പ്

03/06/2025

## പൊതുവിഷയങ്ങൾ

### എൽ.പി

### നിർദ്ദേശം

വിദ്യാലയത്തിലെ ഒന്നാം ദിവസം എല്ലാ കുട്ടികൾക്കും സ്കൂളിനെ അറിയുവാനും അന്യോന്യം അറിയുവാനും അവസരം ഒരുക്കണം. പുതിയ അക്കാദമിക വർഷം സ്കൂളിൽ നിലവിലുള്ള സാധ്യതകളേയും വിഭവങ്ങളേയും കുട്ടികൾ അറിയേണ്ടതുണ്ട്. ക്ലാസിനെയും സ്കൂൾ ക്യാമ്പസിനെയും എങ്ങനെയെല്ലാം പ്രയോജനപ്പെടുത്താമെന്നും എങ്ങനെയാണ് ക്ലാസിലും സ്കൂളിലും പെരുമാറേണ്ടത് എന്ന പൊതുബോധം കുട്ടികളിൽ ഉളവാക്കാൻ സഹായകമാകും വിധമാണ് ഈ സെഷൻ പരിഗണിക്കേണ്ടത്. ഇതിനായി ചുവടെ ചേർത്തിരിക്കുന്ന സൂചകങ്ങൾ പ്രയോജനപ്പെടുത്താവുന്നതാണ്. നിരീക്ഷണം, ചർച്ച, കുറിപ്പ് തയ്യാറാക്കൽ, ലഘുപ്രവർത്തനങ്ങൾ എന്നിവയിലൂടെ ഇത് പ്രാവർത്തികമാക്കാവുന്നതാണ്.

### സൂചകങ്ങൾ

- കൂട്ടുകാരെ പരിചയപ്പെടൽ/ അറിയൽ
- അവധിക്കാല അനുഭവം പങ്കുവെയ്ക്കൽ
- സ്കൂളിനെ അറിയൽ

താഴെ സൂചിപ്പിച്ചിട്ടുള്ള കാര്യങ്ങളിൽ അനുയോജ്യമായവ നിരീക്ഷണത്തിനും മറ്റുമായി പ്രയോജനപ്പെടുത്താവുന്നതാണ്.

- സ്കൂളും പരിസരവും
- ഓഫീസ് റൂം/സ്റ്റാഫ് റൂം/സ്റ്റോർ
- ടോയ്‌ലറ്റ് (ഉപയോഗിക്കുമ്പോൾ ശ്രദ്ധിക്കേണ്ട കാര്യങ്ങൾ)
- കളിസ്ഥലം
- ആരോഗ്യസംരക്ഷണം, പകർച്ചവ്യാധികൾ വരാതെ ശ്രദ്ധിക്കൽ
- മാലിന്യ സംസ്കരണ സംവിധാനം
- കുടിവെള്ളം
- പൂന്തോട്ടം/ അടുക്കളത്തോട്ടം/ജൈവവൈവിധ്യ ഉദ്യാനം
- സസ്യവൈവിധ്യം
- ലൈബ്രറി

- ലബോറട്ടറി/പരീക്ഷണയിടങ്ങൾ
- അടുക്കള/ഡൈനിംഗ് ഹാൾ (ശുചിത്വത്തെക്കുറിച്ചുള്ള ബോധ്യം)
- ഉച്ചഭക്ഷണം
- അപകടസാധ്യതകൾ
- വിദ്യാലയത്തിലെ സൂചനാബോർഡുകൾ
- കുട്ടി എന്ന നിലയിലുള്ള വ്യക്തിസംരക്ഷിതത്വം.

<u>യു.പി/എച്ച്.എസ്</u>

<u>മയക്കമരുന്ന്/ലഹരി ഉപയോഗത്തിനെതിരെ</u> :-

5 മുതൽ 10 വരെയുള്ള ക്ലാസുകളിലാണ് ലഹരിക്കെതിരായ മനോഭാവം കുട്ടികളിൽ ഉളവാകാൻ ആവശ്യമായ പ്രവർത്തനങ്ങൾ നടക്കേണ്ടത്. മയക്കമരുന്ന്/ലഹരി എന്നിവ ഉപയോഗിക്കില്ല എന്ന നിലപാട് കുട്ടികളിൽ ഉണ്ടാവാൻ ആവശ്യമായ ധാരണകളാണ് രൂപപ്പെടുത്തേണ്ടത്. അതിനായി കുട്ടികളുടെ പ്രായം പരിഗണിച്ചുള്ള സംവാദങ്ങളും പഠനപ്രവർത്തനങ്ങളുമാണ് ഒരുക്കേണ്ടത്. മുതിർന്നവരുടെ ധാരണ കുട്ടികളിലേക്ക് പകർന്ന് കൊടുക്കുകയോ അടിച്ചേൽപ്പിക്കുകയോ ചെയ്യുന്നതിനേക്കാൾ പ്രയോജനം ചെയ്യുക ഒരു ക്ലാസിലെ വിവിധ സാഹചര്യങ്ങളിൽ നിന്നും വരുന്ന കുട്ടികൾ ലഹരി ഉണ്ടാക്കുന്ന അപകടങ്ങളെക്കുറിച്ചും അതിനെതിരായ അവരുടെ അഭിപ്രായങ്ങളും ധാരണകളും പങ്കു വെച്ച് പൊതുവായ നിലപാടിലേക്ക് എത്തുന്നതാണ് ഉചിതം. ഇങ്ങനെ കുട്ടികളുടെ മനസ്സിലുള്ള കാര്യങ്ങൾ പ്രകടിപ്പിക്കാൻ 'തെളിവാനം വരയ്ക്കുന്നവർ' എന്ന പുസ്തക വായനയുടെ അടിസ്ഥാനത്തിൽ കുട്ടികൾ അവരുടെ ജീവിത പരിസരത്തെ പരിഗണിച്ച് ഒരു നാടകത്തിന്റെ സ്ക്രിപ്റ്റ് തയ്യാറാക്കി അഭിനയിക്കുകയോ, സെമിനാർ അവതരിപ്പിക്കുകയോ അതുപോലുള്ള മറ്റേതെങ്കിലും സങ്കേതങ്ങൾ വഴി പ്രകടിപ്പിക്കാനുള്ള അവസരം നൽകാവുന്നതാണ്. ഇതിന്റെ അടിസ്ഥാനത്തിൽ ക്ലാസിൽ നടക്കുന്ന ചർച്ചകൾ മയക്കമരുന്ന്/ലഹരി ഇവയ്ക്കെതിരായ പൊതുധാരണ വികസിപ്പിക്കാൻ കഴിയും.

<u>കുറിപ്പ്</u> :-

ഇതിനായി 'തെളിവാനം വരയ്ക്കുന്നവർ' (പുസ്തകം) ഡിജിറ്റൽ കോപ്പി പ്രയോജനപ്പെടുത്തി പ്രവർത്തനങ്ങൾ ഒരുക്കേണ്ടതാണ്. അതിനായുള്ള പ്രവർത്തനമൊഡ്യൂൾ, ലഹരി ഒരു തിരിച്ചറിവ് - *കുറിപ്പ്* എന്നിവ പ്രയോജനപ്പെടുത്തണം.

04/06/2025

## റോഡിലൂടെ സഞ്ചാരം, റെയിൽ മുറിച്ചു കടക്കുമ്പോൾ, ജലപാത ഉപയോഗം, സ്കൂൾ വാഹന ഉപയോഗം എന്നിവയിൽ ശ്രദ്ധിക്കേണ്ട കാര്യങ്ങൾ

വിവിധ ഗതാഗതസംവിധാനങ്ങളെക്കുറിച്ചും അവ ഉപയോഗിക്കുമ്പോൾ അനുവർത്തിക്കേണ്ട നിയമങ്ങളെക്കുറിച്ചുള്ള വ്യക്തമായ ധാരണ പ്രൈമറി തലം മുതൽ തന്നെ കുട്ടികൾ നേടേണ്ടതുണ്ട്. അപകടങ്ങൾ വർധിച്ചു വരുന്ന ഇക്കാലത്ത് അപകടങ്ങളും അപകടമരണങ്ങളും കുറച്ചുകൊണ്ടുവരാൻ കുട്ടികൾക്ക് സ്കൂൾ തലത്തിൽ ലഭിക്കുന്ന അവബോധം വളരെയധികം പ്രയോജനം ചെയ്യും. ഏറ്റവും കൂടുതൽ അപകടങ്ങൾ ഉണ്ടാകുന്നത് റോഡിലൂടെ നടന്നുവരുമ്പോഴും, റോഡ് മുറിച്ചു കടക്കുമ്പോഴും, സ്കൂൾ വാഹനങ്ങളിൽ കയറുമ്പോഴും ഇറങ്ങുമ്പോഴും യാത്ര ചെയ്യുമ്പോഴുമാണ്. ഇത്തരം അപകടങ്ങൾ ഒഴിവാക്കേണ്ടതിനായി ഇവയുമായി ബന്ധിപ്പിച്ച് കുട്ടികൾ പാലിക്കേണ്ട കാര്യങ്ങൾ/ആർജ്ജിക്കേണ്ട ശേഷികൾ, അവർക്കുണ്ടാകേണ്ട തിരിച്ചറിവുകൾ വിവിധ ക്ലാസ്സിലും പ്രവർത്തനങ്ങളിലൂടെ നൽകാവുന്നതാണ്.

എൽ.പി

- റോഡിലൂടെ യാത്ര ചെയ്യുമ്പോൾ ശ്രദ്ധിക്കേണ്ട കാര്യങ്ങളെക്കുറിച്ചുള്ള ചർച്ച (റോഡിലൂടെ നടക്കേണ്ട രീതി, റോഡ് മുറിച്ചു കടക്കുന്നതെങ്ങനെ, നിർത്തിയിട്ട വാഹനങ്ങളുടെ പുറകിലൂടെയും മുന്നിലൂടെയും റോഡ് മുറിച്ചുകടക്കുമ്പോൾ ശ്രദ്ധിക്കേണ്ട കാര്യങ്ങൾ, സീബ്ര ക്രോസിംഗിന്റെ ഉപയോഗം, ട്രാഫിക് സിഗ്നലുകൾ).
- റോഡിലൂടെ യാത്ര ചെയ്യുന്നത് സംബന്ധിച്ച്, സ്കൂൾ കോമ്പൗണ്ടിൽ കുട്ടികൾ തന്നെ വാഹനങ്ങളായും കാൽ നടക്കാരായും അഭിനയിച്ച് ഒരു മോക്ക് ഡ്രിൽ നടത്തുക.
- സ്കൂൾ വാഹനത്തിൽ യാത്ര ചെയ്യുമ്പോൾ ശ്രദ്ധിക്കേണ്ട കാര്യങ്ങൾ, പാലിക്കേണ്ട രീതികൾ.
- കുട്ടികൾ സ്കൂൾ ബസ്/ഓട്ടോ/മറ്റ് വാഹനങ്ങൾ എന്നിവയിൽ യാത്ര ചെയ്യുമ്പോൾ ശ്രദ്ധിക്കേണ്ട കാര്യങ്ങൾ (കയറുമ്പോൾ, യാത്രയിൽ, ഇറങ്ങുമ്പോൾ).
- റെയിൽ ക്രോസ്സുകൾ മുറിച്ചു കടക്കുമ്പോൾ/സിഗ്നലുകൾ എന്നിവ സംബന്ധിച്ച് ശ്രദ്ധിക്കേണ്ട കാര്യങ്ങൾ.

യു.പി

- എല്ലാ ഗതാഗത സംവിധാനങ്ങളിലും യാത്ര ചെയ്യുമ്പോൾ ശ്രദ്ധിക്കേണ്ട കാര്യങ്ങളെക്കുറിച്ചുള്ള ചർച്ച (റോഡിലൂടെ നടക്കേണ്ട രീതി, റോഡ് മുറിച്ചു കടക്കുന്നതെങ്ങനെ, നിർത്തിയിട്ട വാഹനങ്ങളുടെ പുറകിലൂടെയും മുന്നിലൂടെയും റോഡ് മുറിച്ചുകടക്കുമ്പോൾ ശ്രദ്ധിക്കേണ്ട കാര്യങ്ങൾ, സീബ്ര ക്രോസിംഗിന്റെ ഉപയോഗം, ട്രാഫിക് സിഗ്നലുകൾ).

05/06/2025

<u>വ്യക്തിശുചിത്വം, പരിസരശുചിത്വം, ഹരിതക്യാമ്പസ്, സ്കൂൾ സൗന്ദര്യവത്കരണം.</u>

വ്യക്തിശുചിത്വം, പരിസരശുചിത്വം എന്നിവയ്ക്ക് നൽകേണ്ട പ്രാധാന്യത്തിന് ഊന്നൽ നൽകുകയും സ്ഥായിയായി അത് നിലനിൽക്കുന്നതിനുള്ള മനോഭാവം സ്കൂൾ കാലഘട്ടത്തിൽ തന്നെ രൂപപ്പെടുത്തണം. ജീവിതരീതി, ജീവിതശൈലി, മനോഭാവം എന്നിവയിൽ ശാസ്ത്രീയമായ സമീപനം കൈക്കൊള്ളുന്ന തലമുറയെ വളർത്തിയെടുക്കണം. അതിനായി വിദ്യാലയം ശുചിത്വപൂർണവും ഹരിതാഭവുമാക്കുവാൻ കുട്ടികളിൽ ശുചിത്വബോധവും ഹരിതബോധവും വളർത്തിയെടുക്കേണ്ടതുണ്ട്.

പ്രവർത്തനങ്ങൾ 'ലോകപരിസ്ഥിതിദിന' വുമായി ബന്ധിപ്പിച്ച് ചെയ്യാൻ ശ്രദ്ധിക്കുക.

<u>എൽ.പി</u>

വ്യക്തിശുചിത്വം –

സമയം – 10 മിനിട്ട്

- ശുചിത്വവുമായി ബന്ധപ്പെട്ട ഒരു പാട്ട് എല്ലാവരും ചേർന്ന് പാടുക.
- സർവ്വേഫാറം പൂർത്തിയാക്കി ക്ലാസ് സർവേ നടത്തുക.

| ക്രമ.നം | ശീലങ്ങൾ | ഉവ്വ് | ഇല്ല |
|---|---|---|---|
| 1 | ഇന്നലെ രണ്ട് നേരം പല്ല് തേച്ചവർ | 1+1+1 | 1+1 |
| 2 | ഇന്ന് കുളിച്ചവർ | | |
| 3 | കൈ നഖം വൃത്തിയായുള്ളവർ | | |
| 4 | കാൽ നഖം വൃത്തിയായുള്ളവർ | | |
| 5 | മുടി വൃത്തിയായി ചീകി ഒതുക്കിയവർ | | |
| 6 | വൃത്തിയുള്ള ചെരുപ്പ് ധരിച്ചിട്ടുള്ളവർ | | |
| 7 | സ്കൂൾ ബാഗ് വൃത്തിയായി സൂക്ഷിച്ചിട്ടുള്ളവർ | | |
| 8 | | | |
| 9 | | | |
| 10 | | | |

ക്രോഡീകരണം –

നമ്മുടെ ക്ലാസിൽ ഇന്നലെ രണ്ട് നേരവും പല്ലുതേച്ചവർ.....(പകുതിയിലേറെപ്പേർ)
[ഓരോ ശീലങ്ങളും ഇങ്ങനെ ക്രോഡീകരിക്കുക]

- എല്ലാ ശീലങ്ങളും എല്ലാ ദിവസവും പാലിക്കുന്നവരെ എഴുന്നേറ്റ് നിർത്തിച്ച് അഭിനന്ദിക്കുക.

- മാസത്തിലൊരിക്കൽ ഈ സർവ്വേ നടത്തുക.
- പുതിയ അക്കാദമിക വർഷമാണ്. എല്ലാ ദിവസവും എല്ലാവരും വൃത്തിയായി വരണം. സ്വയം വൃത്തിയായിരിക്കുന്നത് രോഗങ്ങളില്ലാതിരിക്കാനും സന്തോഷത്തോടെ ജീവിക്കാനുമാണ്.

പരിസരശുചിത്വം – 20 മിനിട്ട്

- പ്രകൃതി നടത്തം – കുട്ടികളും അദ്ധ്യാപകരും ചേർന്ന് സ്കൂൾ പരിസരം നിരീക്ഷിക്കുക.

താഴെ കൊടുത്തിരിക്കുന്ന നിരീക്ഷണ സൂചകങ്ങൾക്കു പുറമേ മറ്റ് സൂചകങ്ങളും കൂട്ടിചേർക്കുക.

- ക്ലാസ്സ്റൂം വൃത്തി, സാധനസാമഗ്രികളുടെ അടുക്കും ചിട്ടയും
- ആവശ്യമില്ലാത്ത സാധനങ്ങൾ ക്ലാസ്സ്റൂമിൽ കൂട്ടിയിട്ടിട്ടുണ്ടോ ?
- പ്രധാനാദ്ധ്യാപികയുടെ മുറിയുടെ പരിസരം വൃത്തിയുള്ളതാണോ ?
- സ്റ്റാഫ്റൂം വൃത്തി
- ആഹാരം പാചകം ചെയ്യുന്നിടം, ഡൈനിംഗ് ഹാൾ
- കൈകഴുകുന്ന സ്ഥലം
- ടോയ്‌ലെറ്റുകൾ
- ഓരോ സ്ഥാപന ക്യാമ്പസ്സിലും മേൽപറഞ്ഞവ കൂടാതെ സന്ദർശിക്കേണ്ട ഇടങ്ങളുണ്ടെങ്കിൽ അവകൂടി ഉൾപ്പെടുത്താവുന്നതാണ്.

നിരീക്ഷണശേഷം ക്ലാസിൽ തിരിച്ചെത്തി ചർച്ച.

- സ്കൂൾ പരിസരം എങ്ങനെയെല്ലാം വൃത്തിയായി സൂക്ഷിക്കാം.
- സ്കൂൾ സൗന്ദര്യവത്ക്കരണത്തിന് പ്രാധാന്യം എന്തെല്ലാം
- അതിൽ നമുക്ക് എങ്ങനെയെല്ലാം പങ്കാളികളാകാം.

<u>ഹരിതക്യാമ്പസ്</u>

സമയം – 20 മിനിട്ട്

വിദ്യാലയത്തെ ഹരിതാഭമാക്കി മാറ്റുന്ന സസ്യങ്ങളേതെല്ലാം ?
ഇവയെ പരിപാലിക്കാൻ നാം ഓരോരുത്തരും എന്തു ചെയ്യണം ?
ചർച്ച ...
തീരുമാനമെടുക്കൽ.....

09/06/2025

## പൊതു ആരോഗ്യം

സ്കൂൾ വിദ്യാഭ്യാസത്തിന്റെ എല്ലാം മനസ്സിലാക്കേണ്ട കാര്യങ്ങളാണ് ചുവടെ കൊടുത്തിരിക്കുന്നത്. കുട്ടികളുടെ പ്രായഘട്ടം പരിഗണിച്ച് ഈ ഉള്ളടക്കം എങ്ങിനെ സംവാദങ്ങൾക്കോ പ്രവർത്തനങ്ങൾക്കോ പ്രയോജനപ്പെടുത്തണം എന്നത് സ്കൂൾ റിസോഴ്സ് ഗ്രൂപ്പ് മൊഡ്യൂൾ നിർമ്മാണ ഘട്ടത്തിലാണ് തീരുമാനിക്കേണ്ടത്.

### പ്രധാന മേഖലകൾ

- പോഷണം
- ശുചിത്വം
- വ്യായാമം
- നല്ല ഉറക്കശീലം
- മനസ്സിന്റെ സന്തോഷം
- 'ആരോഗ്യ മര്യാദകൾ'

### തല തൊട്ട് പാദം വരെ ശ്രദ്ധ

HEAD TO TOES CARE



<u>പൊതുജനആരോഗ്യം</u>

കുട്ടികളുടെയും വിദ്യാർത്ഥികളുടെയും പങ്കാളിത്തം നാടിന്റെ പൊതുജനാരോഗ്യത്തിന് അനിവാര്യം

ആനുകാലിക പകർച്ചവ്യാധികളുടെ പ്രതിരോധം ഒരു ജനകീയ കടമയാണ്. കുട്ടികൾ ഇതിനെക്കുറിച്ച് അറിയേണ്ടതും, പാലിക്കേണ്ടതും പ്രചരിപ്പിക്കേണ്ടതുമായ ചില പ്രധാന ആശയങ്ങൾ താഴെ കൊടുത്തിരിക്കുന്നു.

- നാം എല്ലാവരും നല്ല മാലിന്യസംസ്കാര ശൃംഖലയിലെ കണ്ണികളാണ്.
- മാലിന്യവസ്തുക്കൾ അലക്ഷ്യമായി ഉപേക്ഷിക്കരുത്, പ്രത്യേകിച്ച് ആഹാരമാലിന്യങ്ങൾ.
- കൊതുകുകൾക്ക് വളരുവാൻ/പെരുകാൻ സാധിക്കുന്ന കപ്പികൾ, പാട്ടകൾ, ചിരട്ടകൾ ചെടിച്ചട്ടിയുടെ അടിയിലെ ട്രേ മുതലായവ വീടിന്റെ പരിസരത്തിൽ നിന്ന് ഒഴിവാക്കുക, "ഡ്രൈ ഡേ" ആചരണത്തിൽ ഊർജ്ജസ്വലരായി പങ്കു ചേരുക.
- പൊതുസ്ഥലങ്ങളിൽ തുറന്ന് ചുമച്ച്/കാറി തുപ്പരുത്.
- ചുമക്കുമ്പോഴും തുമ്മുമ്പോഴും തുവാല കൊണ്ട് വായും മൂക്കും മൂടിപ്പിടിക്കുക.
- വിരനിർമാർജനത്തിനുള്ള ഗുളികകൾ ടീച്ചർ വഴി വിതരണം ചെയ്യുമ്പോൾ കൃത്യമായി കഴിക്കുക.

<u>ഉറക്കം</u>

<u>നല്ല ഉറക്കം – ആരോഗ്യത്തിന്റെ റീചാർജ്ജ്!</u>

- 6–8 hrs ഉറക്കം കുട്ടികൾക്ക്/വിദ്യാർത്ഥികൾക്ക്ആവശ്യമാണ്.
- ഉറങ്ങുന്നതിന് തൊട്ടുമുന്നേ നിറവയർ ആഹാരം കഴിക്കരുത്.
- ഉറങ്ങുമ്പോൾ ഉദ്ദേശിക്കുന്ന സമയത്തിന് 1 hrs മുന്നേ ഫോൺ/ടാബ്/ലാപ്ടോപ്പ് സ്ക്രീനിൽ നോക്കുന്നതു നിർത്തുക.
- കിടപ്പുമുറിയിൽ നല്ല വായുസഞ്ചാരം വേണം.
- മുറിയിൽ ചെറിയ വെളിച്ചം പോലും ഇല്ലാത്തതാണ് നല്ലത്.
- ഫാൻ സ്പീഡ് 2, 3 എന്ന തോതിൽ കുറച്ചു സെറ്റ് ചെയ്യുക. (ഇല്ലെങ്കിൽ അമിത ശബ്ദം രാത്രി മുഴുവൻ ഉണ്ടാക്കുന്നു)
- കൊതുക ശല്യം ഒഴിവാക്കാൻ കട്ടിലിന് ചുറ്റും കൊതുകുവല ഭദ്രമായി 'ടക് ഇൻ' ചെയ്ത് ഉപയോഗിക്കുക.
- മൊബൈലിൽ ഇയർഫോൺ വച്ച് പാട്ട് കേട്ട് ഉറങ്ങാൻ കിടക്കുന്നത് കേൾവിക്ക് ഹാനികരം.

## താൽക്കാലിക പ്ലാൻ - Short Term - Malayalam

| Sl.No | Programme | Activity | Duration | ഉപാധികൾ | പിന്തുണ |
|---|---|---|---|---|---|
| 1. | ഭാഷാപരമായ പിന്നാക്കാവസ്ഥ പരിഹരിക്കൽ (മലയാളത്തിലും) | 1. Pre-test | 2 months Aug-Sept | പുസ്തകങ്ങൾ | BRC |
| | | 2. അക്ഷരം ഉറപ്പിക്കൽ | | | DIET |
| | | 3. അടയാളം ഉറപ്പിക്കൽ | | | SCERT |
| | | 4. അക്ഷരകാർഡ് നൽകൽ | | C.D | P.T.A |
| | | 5. വാക്കുകൾ എഴുതിയ കാർഡ് | | | |
| | | 6. വാക്കുകൾ നിർമ്മിക്കുക | | | |
| | | 7. വാക്യങ്ങൾ നിർമ്മിക്കൽ | | | |
| | | 8. ചിത്രം - അടിക്കുറിപ്പ് | | | |
| | | 9. ചിത്രം - കഥപറയൽ | | | |
| | | 10. ചിത്രം - കഥ എഴുതൽ | | | |
| | | 11. കഥ - ബാക്കി എഴുതൽ | | | |
| | | 12. കഥാപുസ്തകം നൽകൽ | | | |
| | | 13. C.D-ൽ ഒരു ചിത്രം നൽകി വാക്യങ്ങൾ എഴുതൽ | | | |
| | | 14. ഭാഷാപരമായ പിന്നാക്കം നിൽക്കുന്നവർക്ക് പ്രത്യേകം ക്ലാസ് | | | BRC IED Trainer P.T.A |

| Sl.No | Programme | Activity | Duration | ഭൗതികം | പിന്തുണ |
|---|---|---|---|---|---|
| 2. | കുട്ടിയെ മികച്ച വായനക്കാരനാക്കുക (വായനക്കൂട്ടം) | 1. ക്ലാസ് വായനക്കൂട്ടം രൂപീകരിക്കൽ<br>2. വായനമൂല, ക്ലാസ് ലൈബ്രറി രൂപീകരിക്കൽ<br>3. സ്കൂൾ ലൈബ്രറി നവീകരിക്കൽ<br>4. സമീപ ഗ്രന്ഥശാല അംഗത്വം<br>5. വായനോത്സവം സംഘടിപ്പിക്കൽ<br>6. പത്രവായന<br>7. അമ്മ വായന<br>8. പുസ്തകചർച്ച<br>9. വായനാനുഭവം പങ്കുവയ്ക്കൽ<br>10. വായനാക്കുറിപ്പ് പതിപ്പ്<br>11. വിദ്യാരംഗം കലാ-സാഹിത്യ വേദി പ്രവർത്തനം ക്ലാസ് സഭ<br>12. സ്കൂൾ സഭ, ബാലസഭ<br>13. ദിനാചരണങ്ങൾ<br>14. ആകാശവാണി ക്ലബ്ബ്<br>15. സാഹിത്യകാരന്മാരുമായുള്ള അഭിമുഖം<br>16. ആനുകാലിക പ്രസിദ്ധീകരണങ്ങളും വായനയും<br>17. ആസ്വാദകരമായ വായന<br>18. വായനാസാമഗ്രികൾ വികസിപ്പിക്കൽ<br>19. ഇ-വായന<br>20. പുസ്തകം ഒരുക്കൽ (UP വായന<br>21. വായനക്കൂട്ടം-മോണിറ്ററിംഗ്<br>22. കാവ്യക്കൂട്ടം | 6 months | ക്ലാസ് ലൈബ്രറി<br>സ്കൂൾ ലൈബ്രറി<br>ഗ്രന്ഥശാല<br>പത്രങ്ങൾ<br>ആനുകാലിക പ്രസിദ്ധീകരണങ്ങൾ<br>വായനാമുറി<br>ഇന്റർനെറ്റ് കമ്പ്യൂട്ടർ | BRC<br>DIET<br>SCERT<br>ഗ്രന്ഥശാല<br>P.T.A<br>BRC |

| SLNo | Programme | Activity | Duration | ഭൗതികം | പിന്തുണ |
|---|---|---|---|---|---|
| 3. | കുട്ടിയെ മികച്ച എഴുത്തുകാര-നാക്കുക (എഴുത്തുക്കൂട്ടം) | 1. എഴുത്തുകൂട്ട രൂപീകരണം<br>2. പുസ്തകചർച്ച<br>3. ക്ലാസ് ലൈബ്രറി<br>4. വായനക്കുറിപ്പ് പതിപ്പ്<br>5. സഞ്ചരിക്കുന്ന ആസ്വാദനക്കുറിപ്പ് പുസ്തകം<br>6. വിവിധ സാഹിത്യ ശാഖകൾ പരിചയ-പ്പെടൽ<br>7. ഇൻലന്റ് മാഗസിൻ, ചുമർപത്രിക, പതിപ്പ് തയ്യാറാക്കൽ<br>8. സർഗ്ഗ സൃഷ്ടികളുടെ പുസ്തകം തയ്യാറാക്കൽ<br>9. എഴുത്തുകൂട്ടം മോണിറ്ററിംഗ്<br>10. വായനാക്കുറിപ്പ്, ആസ്വാദനക്കുറിപ്പ്<br>11. ബാലസഭ<br>12. പൊതുവേദികളിൽ സംസാരിക്കാനുള്ള കഴിവ്<br>13. വ്യക്തിഗത രചന സംഘ രചന<br>14. ഭാഷാ പ്രോജക്ട്<br>15. സാഹിത്യകാരന്മാരു-മായുള്ള സംവാദം, അഭിമുഖം<br>16. രചയിതാക്കളെ പരിചയപ്പെടൽ<br>17. സാഹിത്യ സാംസ്കാരിക ചിത്രഗ്യാലറി | 6 months<br><br>Auditorium | ലൈബ്രറി<br><br>പുസ്തകങ്ങൾ<br><br>ജീവചരിത്ര പുസ്തകങ്ങൾ ഗ്രന്ഥശാല<br><br>ഫോട്ടോകൾ പുസ്തകങ്ങൾ | BRC<br>DIET<br><br>SCERT<br>P.T.A<br><br>BRC<br><br>ജനപ്രതിനിധി<br>P.T.A<br>Teachers |

# Project - Malayalam

ഭാഷാപരമായി പിന്നാക്കാവസ്ഥ പരിഹരിക്കൽ (മലയാളത്തിളക്കം) മികച്ച വായനക്കാരൻ (വായനക്കൂട്ടം) മികച്ച എഴുത്തുകാരൻ (എഴുത്തുകൂട്ടം)

വായിച്ചുവളരുക, ചിന്തിച്ച് വിവേകം നേടുക എന്ന മഹത് വചനത്തിന് വേണ്ടി വിദ്യാർത്ഥി സമൂഹത്തെ വായനയുടെയും എഴുത്തിന്റെയും പാതയിലേക്ക് നയിക്കാൻ ഒരു മഹത് സംരംഭം വിദ്യാലയത്തിലെ മുഴുവൻ വിദ്യാർത്ഥികളെയും മികച്ച വായനക്കാരനാക്കുക ഒപ്പം മികച്ച എഴുത്തുകാരനാക്കുക. ഈ ലക്ഷ്യം നേടുന്നതിനായി പിന്നാക്കം നിൽക്കുന്നവരെ കൂടി മുൻധാരയിലെത്തിച്ച് വായനയും എഴുത്തും ഒരു നവ്യാനുഭവമാക്കി വിദ്യാലയത്തെ ഒരു സർഗ്ഗ പ്രപഞ്ചമാക്കി മാറ്റുവാനുള്ള നൂതന സംരംഭം.

## ലക്ഷ്യങ്ങൾ

- എല്ലാവർക്കും എഴുത്തും വായനയും.
- വായനക്കൂട്ടം, എഴുത്ത് കൂട്ടം
- അമ്മ വായന
- ക്ലാസ് ലൈബ്രറി, സ്കൂൾ ലൈബ്രറി
- ഗ്രന്ഥശാല അംഗത്വം
- ക്ലാസ് സഭ, സ്കൂൾ സഭ, ബാലസഭ
- വായനയുടെ വിവിധ തലങ്ങൾ പരിചയപ്പെടൽ
- മലയാളത്തിലെ വിവിധ സാഹിത്യ ശാഖകൾ പരിചയപ്പെടൽ
- ആസ്വാദ്യകരമായ വായനയിൽ വൈദഗ്ധ്യം നേടുക
- വായനാ സാമഗ്രികൾ കണ്ടെത്തുക, വികസിപ്പിക്കുക
- വായനയും എഴുത്തും വികസിപ്പിക്കുന്നതിനുള്ള തന്ത്രങ്ങൾ വികസിപ്പിക്കുക
- ദിനാചരണങ്ങളുമായി ബന്ധപ്പെട്ട് വായനയുടെയും എഴുത്തിന്റെയും സാധ്യത കണ്ടെത്തുക.
- എഴുത്തിന്റെ വിവിധ തലങ്ങൾ പരിചയപ്പെടുക
- ഇൻലന്റ് മാഗസിൻ, ചുമർ മാഗസിൻ എന്നിവയുടെ വായന, എഴുത്ത് എന്നിവ പരിപോഷിപ്പിക്കുക
- സാഹിത്യകാരന്മാരുമായുള്ള സംവാദം, അഭിമുഖം എന്നിവ സംഘടിപ്പിക്കൽ
- ഭാഷയുമായി ബന്ധപ്പെട്ട CD, ICT സാധ്യത എന്നിവ സജ്ജീകരിക്കൽ

## പ്രവർത്തനങ്ങൾ

1. മലയാളത്തിളക്കം (Pre-test)

   പ്രീ-ടെസ്റ്റ് നടത്തുന്നു. പിന്നാക്കക്കാരെ കണ്ടെത്തി.

2. അക്ഷരം ഉറപ്പിക്കൽ (1 month)

   ചിത്രങ്ങളിലൂടെ മലയാള അക്ഷരങ്ങൾ ഉറപ്പിക്കുന്നു.

3. അടയാളങ്ങൾ ഉറപ്പിക്കൽ

   ചിത്ര സഹായത്താൽ അടയാളങ്ങൾ ചിഹ്നങ്ങൾ എന്നിവ ഉറപ്പിക്കൽ

1. <u>അക്ഷരകാർഡ്, വാക്കുകൾ എഴുതിയ കാർഡ്</u>

അക്ഷരകാർഡിലൂടെ വാക്കുകൾ രൂപീകരിക്കൽ, വാക്കുകളിലൂടെ വാക്യങ്ങൾ രൂപീകരിക്കൽ

5. <u>ചിത്രം – അടിക്കുറിപ്പ്</u>

ചിത്രം നൽകൽ, അടിക്കുറിപ്പ് പറയിപ്പിക്കൽ – അധ്യാപികയുടെ സഹായത്തോടെ എഴുതൽ

6. <u>കഥ – ബാക്കി പറയൽ – എഴുതൽ</u>

ഒരു കഥയുടെ കുറച്ച് ഭാഗം നൽകുന്ന ബാക്കി പറയിപ്പിക്കുന്നു, എഴുതുന്നു

7. <u>കഥാപുസ്തകം – നൽകൽ</u>

വായന, കുറിപ്പ് തയ്യാറാക്കൽ

8. <u>CD പ്രദർശനം</u>

ചിത്രങ്ങൾ അടങ്ങിയ CD പ്രദർശിപ്പിക്കുന്നു. ഓരോ ചിത്രത്തെയും കുറിച്ച് പറയാനവസരം – എഴുതാനവസരം.

9. <u>ഭിന്നശേഷിക്കാരെ പരിഗണിക്കൽ</u>

ഭിന്നശേഷിക്കാർക്കായി പ്രത്യേകം പ്രവർത്തന പാക്കേജ് IED അധ്യാപകരുടെ സേവനം.

10. <u>ക്ലാസ് വായനക്കൂട്ടം രൂപീകരിക്കൽ</u>

ക്ലാസിലെ മുഴുവൻ കുട്ടികളെയും 5 പേർ അടങ്ങുന്ന group ആക്കുന്നു. എത്ര പുസ്തകം വായിക്കാം, വായനക്കുറിപ്പ് പുസ്തകം എങ്ങനെ തെരഞ്ഞെടുക്കാം (പാഠഭാഗവുമായി ബന്ധപ്പെട്ടവ) ചർച്ച വായനാക്കുറിപ്പ് അസംബ്ലി, ആകാശവാണി ബാലസഭ എന്നിവയിൽ അവതരിപ്പിക്കാനവസരം.

11. <u>ക്ലാസ് ലൈബ്രറി രൂപീകരിക്കൽ</u>

കുട്ടികളുടെ സഹായത്തോടെ UP വായനയ്ക്ക് സഹായകമായ പുസ്തകങ്ങൾ അടങ്ങുന്ന ഒരു ക്ലാസ് ലൈബ്രറി സജ്ജീകരണം.

12. <u>സ്കൂൾ ലൈബ്രറി നവീകരണം</u>

സ്കൂൾ ലൈബ്രറി നവീകരണം. പുസ്തക വിതരണ രജിസ്റ്റർ, കുട്ടി ലൈബ്രേറിയൻ, പുസ്തകവിതരണം, പുസ്തകങ്ങൾ വിവിധ തലക്കെട്ടോടെയുള്ള ക്രമീകരണം, ബർത്ത്ഡേ പുസ്തകശേഖരണം.

13. <u>സമീപ ഗ്രന്ഥശാല അംഗത്വം</u>

ഗ്രന്ഥശാലയിൽ അംഗത്വം, പുസ്തക വിതരണം, വായന, എഴുത്ത് പ്രോത്സാഹനം, എന്റെ പുസ്തകം പ്രകാശനം.

14. <u>വായനോത്സവം സംഘടിപ്പിക്കൽ</u>

കുട്ടികളുടെ കൂട്ടായ്മ, യോഗം സംഘടിപ്പിക്കൽ, യോഗത്തിൽ പങ്കെടുത്ത എല്ലാവരും സ്വയം പുസ്തകമായി അനുഭവം പങ്കിടൽ, വായനാക്കുറിപ്പ്, ആസ്വാദനക്കുറിപ്പ് പ്രകാശനം, അധ്യാപകരുടെ പുസ്തകം പരിചയപ്പെടുത്തൽ, വായിച്ച കൃതികളുടെ രംഗാവിഷ്കാരം. (പാഠഭാഗവുമായി ബന്ധപ്പെട്ട്) ചൊൽക്കാഴ്ച, നാടകങ്ങൾ എന്നിവയുടെ അവതരണം.

15. <u>പത്രവായന</u>

വിവിധ പത്രങ്ങൾ ക്ലാസിൽ ലഭ്യമാക്കൽ പത്രകട്ടിങ്, വാർത്ത തയ്യാറാക്കൽ, പുതിയ അറിവ് കണ്ടെത്തൽ – വായന – എഴുത്ത്. പത്രം തയ്യാറാക്കൽ (പാഠഭാഗവുമായി ബന്ധപ്പെട്ട്)

16. <u>അമ്മ വായന</u>

സ്കൂൾ ലൈബ്രറിയിൽ നിന്ന് അമ്മമാർക്ക് പുസ്തകം തെരഞ്ഞെടുക്കാനാവസരം – വായനാക്കുറിപ്പ് തയ്യാറാക്കൽ – മികച്ച കുറിപ്പ് കണ്ടെത്തൽ – പ്രോത്സാഹനം അമ്മ സാഹിത്യ സമാജം രൂപീകരിക്കൽ, ശിൽപ്പശാല.

17. **പുസ്തകചർച്ച – വായനാനുഭവം പങ്കുവയ്ക്കൽ**

വിദ്യാർത്ഥികൾ, രക്ഷിതാക്കൾ, അധ്യാപകർ, സാഹിത്യകാരന്മാർ എന്നിവർക്ക് സ്വാഗതം. പാഠഭാഗവുമായി ബന്ധപ്പെട്ട് അധിക വായനയ്ക്ക് നൽകിയ പുസ്തകങ്ങൾ പരിചയപ്പെടുത്തൽ, സന്ദേശം, കഥാപാത്രനിരൂപണം, സ്വാധീനം, ഇഷ്ടപ്പെടാനുള്ള കാരണം എന്നിവ അവതരിപ്പിക്കൽ. മാസത്തിൽ ഒരു ദിവസം.

18. **വായനാക്കുറിപ്പ്**

ഓരോ പുസ്തകവായനയുടെയും കുറിപ്പ് ശേഖരിക്കുന്നു. ആവശ്യമായ കൂട്ടിച്ചേർക്കൽ നടത്തുന്നു. പതിപ്പ് പ്രകാശനം.

19. **വിദ്യാരംഗം കലാസാഹിത്യവേദി പ്രവർത്തനം**

വായന, എഴുത്ത് മെച്ചപ്പെടുത്താൻ വേണ്ട പ്രവർത്തനങ്ങൾ ആസൂത്രണം പാഠഭാഗവുമായി ബന്ധപ്പെട്ടവ, സ്വന്തം സൃഷ്ടികൾ എന്നിവ പരിചയപ്പെടുത്താനവസരം – വിവിധ മത്സരങ്ങൾ സംഘടിപ്പിക്കൽ സാഹിത്യകാരന്മാരെ ക്ഷണിക്കൽ.

20. **ക്ലാസ്, സ്കൂൾ ബാലസഭകൾ**

ഓരോ ക്ലാസിലും സ്കൂളിലും ബാലസഭ രൂപീകരണം, സ്കൂളിൽ യോഗം സംഘടിപ്പിക്കൽ, സൃഷ്ടികൾ പരിചയം, പ്രകാശനം, അവതരണം. വിദ്യാലയത്തിന് പുറത്ത് ബാലസഭകൾ രൂപീകരിക്കൽ പൊതുജന പങ്കാളിത്തം, സാഹിത്യകാരന്മാരുടെ സാന്നിധ്യം.

21. **ദിനാചരണങ്ങൾ**

വായനയും എഴുത്തും പ്രോത്സാഹിപ്പിക്കുന്നതിന് ദിനാചരണങ്ങളുമായി ബന്ധപ്പെട്ട് നിരവധി പ്രവർത്തനങ്ങളും മത്സരങ്ങളും സംഘടിപ്പിക്കുന്നു.

22. **ആകാശവാണി ക്ലബ്ബ്**

കുട്ടികളുടെ സർഗ്ഗവികസനത്തിന് വിവിധ പരിപാടികൾ ഉൾക്കൊള്ളിച്ച് കൊണ്ട് ആകാശവാണി ക്ലബ്ബ് നടത്തുന്നു. മികച്ച പ്രകടനക്കാരെ, ക്ലാസ്സുകാരെ കണ്ടെത്തൽ, പ്രോത്സാഹനം.

23. **സാഹിത്യകാരന്മാരുമായുള്ള സംവാദം, അഭിമുഖം**

സാഹിത്യവാസന മെച്ചപ്പെടുത്താൻ, കൃതികളെ ആഴത്തിലറിയാൻ, പുസ്തക രചനാ തന്ത്രങ്ങളറിയാൻ, കഥ, കവിത രൂപീകരണം മനസിലാക്കാൻ, ഇത്തരം പ്രവർത്തനങ്ങളുടെ ആസൂത്രണം.

24. **ആനുകാലിക പ്രസിദ്ധീകരണങ്ങളും വായനയും**

ക്ലാസ് മുറിയിൽ, സ്കൂളിൽ ധാരാളം ആനുകാലിക പ്രസിദ്ധീകരണങ്ങളുടെ ലഭ്യത, വായന പ്രോത്സാഹിപ്പിക്കുന്നതായി വിവിധ പ്രവർത്തനം, മത്സരങ്ങൾ.

25. **വായനാസാമഗ്രികൾ വികസിപ്പിക്കൽ**

UP കുട്ടികൾക്കായുള്ള വായനാസാമഗ്രികൾ ശേഖരിക്കൽ, കുട്ടികളുടെയും രക്ഷിതാക്കളുടെയും പ്രാദേശിക എഴുത്തുകാരുടെയും അധ്യാപകരുടെയും പങ്കാളിത്തമുള്ള രചനാശില്പശാല സംഘടിപ്പിക്കൽ, രചനകൾ സ്പൈറൽ ബൈൻഡ് ചെയ്തു ഉപയോഗിക്കൽ.

26. **ഇ-വായന – സാധ്യത കണ്ടെത്തൽ**

വിക്കിപീഡിയ പരിചയപ്പെടുത്തൽ, നെറ്റിൽ നിന്നും വിവരം ശേഖരിക്കാനുള്ള നൈപുണി, വായനാക്കൂട്ടത്തിന്റെയും എഴുത്തുകൂട്ടത്തിന്റെയും നേതൃത്വത്തിൽ ബ്ലോഗ് രൂപീകരണം 'ഇ' പേപ്പറുകൾ പരിചയപ്പെടുത്തൽ വിവിധ കൃതികൾ. കവിത, എന്നിവ വീഡിയോ കാണൽ.

27. **വായനാക്കൂട്ടം, എഴുത്തുകൂട്ടം – മോണിറ്ററിംഗ്**

അധ്യാപകർ, കുട്ടി പ്രതിനിധി രക്ഷിതാക്കൾ, പ്രാദേശിക സാഹിത്യകാരന്മാർ BRC, DIET അധ്യാപകർ, മറ്റ് സ്കൂളിലെ അധ്യാപകർ, എന്നിവരുടെ സേവനം.

28. കാവ്യകൂട്ടം

കുട്ടികളുടെ കവിതകൾ, അധ്യാപകരുടെ കവിതകൾ, രക്ഷിതാക്കളുടെ കവിതകൾ, സമൂഹത്തിലെ വ്യക്തികൾ, പ്രാദേശിക സാഹിത്യകാരൻ, കവികൾ മുതലായവരെ സംഘടിപ്പിച്ച് കാവ്യകൂട്ടം സംഘടിപ്പിക്കുന്നു (BRCയുടെ സഹായത്തോടെ)

29. എഴുത്തുകൂട്ട രൂപീകരണം

കുട്ടികളെ 5 വീതം എഴുത്ത് കൂട്ടങ്ങളാക്കുന്നു. വ്യക്തിഗത രചന, സംഘരചന എന്നിവ സംഘടിപ്പിക്കുന്നു. എഴുത്ത് ഏത് സാഹിത്യ വിഭാഗത്തിൽ, മോണിറ്ററിംഗ് എന്നിവ ചർച്ച ചെയ്യുന്നു.

30. സഞ്ചരിക്കുന്ന ആസ്വാദനക്കുറിപ്പ് പുസ്തകം

ഓരോ ദിവസവും ഓരോ കുട്ടി എഴുതണം. വീട്ടിലുള്ള ആരെങ്കിലും ഒരാൾ പുസ്തകത്തെക്കുറിച്ച് അഭിപ്രായം രേഖപ്പെടുത്തണം. കൈമാറി, കൈമാറി എല്ലാവരുടെയും രചനകളാകുമ്പോൾ അധ്യാപകരുടെ ആസ്വാദനക്കുറിപ്പും വിലയിരുത്തൽ കുറിപ്പും വീണ്ടും പ്രയാണം.

31. വിവിധ സാഹിത്യ ശാഖകൾ പരിചയപ്പെടൽ

മലയാള സാഹിത്യത്തിലെ വിവിധ സാഹിത്യ ശാഖകൾ പരിചയപ്പെടുത്തൽ. വിവിധ ശാഖകൾ തലക്കെട്ടോടെ ലൈബ്രറി പുസ്തകം list ചെയ്യൽ, വിവിധ മേഖലയിലുള്ള സൃഷ്ടി പരിചയപ്പെടൽ, വിവിധ മേഖലയിൽ സാഹിത്യ സൃഷ്ടി നടത്തൽ, വിവിധ സാഹിത്യ മേഖലകളിലുള്ള വ്യക്തികളുടെ ആഗമനം സംവാദം, അഭിമുഖം.

32. ഇൻലന്റ് മാഗസിൻ, ചുമർ പത്രിക, പതിപ്പ്

സർഗ്ഗശേഷി പരിപോഷിപ്പിക്കൽ ക്ലാസ് തലത്തിൽ ഇൻലന്റ് മാഗസിൻ, ചുമർ പത്രിക, പതിപ്പുകൾ തയ്യാറാക്കൽ, പ്രകാശനം.

33. വായനാക്കുറിപ്പ്, ആസ്വാദനക്കുറിപ്പ് തയ്യാറാക്കൽ

